# മഹാഭാരതത്തിലെ കേന്ദ്രതത്ത്വം
## - വിദ്യാ നിവാസ് മിശ്ര

(വിവർത്തനം - എ. പുരുഷോത്തമൻ)

മഹാഭാരത കഥയെ ആസ്പദമാക്കി, ഇന്ത്യയിലും വിശാല ഇന്ത്യയിലും, കാവ്യങ്ങൾക്കു പിന്നാലെ കാവ്യങ്ങളും, നാടകങ്ങൾക്കു പിന്നാലെ നാടകങ്ങളും എഴുതപ്പെട്ടിരിക്കുന്നു. മഹാഭാരതത്തെ അടിസ്ഥാനമാക്കിയുള്ള കലാസൃഷ്ടികൾ അനുസ്യൂതം പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ഈ അടിസ്ഥാനത്തിൽ, മഹാഭാരതം ഇതിഹാസങ്ങളുടെ ഇതിഹാസം ആണെന്നു പറയാം. മിത്തുകളും ചരിത്രവും ഇഴ ചേർന്നിട്ടുണ്ടെങ്കിലും, ധർമ്മശാസ്ത്രവും തത്വശാസ്ത്രവും അന്തർഭവിച്ചിട്ടുണ്ടെങ്കിലും, മഹാഭാരതം പ്രാഥമികമായി ഒരു കാവ്യമാണ്. ഈ വസ്തുത പലപ്പോഴും ശ്രദ്ധിക്കപ്പെട്ടിട്ടില്ല. മഹാഭാരതകാവ്യലക്ഷ്യത്തിന്റെ ഒരു വശത്തെപ്പറ്റി, അതായത്, എല്ലാ അസ്തിത്വവും ഏകവും ഇന്ദ്രിയഗോചരവുമാണെന്നും, ഭഗവാൻ വാസുദേവകൃഷ്ണൻ ആ സമ്പൂർണ്ണതയുടെ മൂർത്തീഭാവമാണെന്നും സ്ഥാപിച്ചുകൊണ്ട്, മാധ്വാചാര്യർ ഒരു വ്യാഖ്യാനമെഴുതി (മഹാഭാരതതാത്പര്യനിർണ്ണയം). മഹാഭാരതത്തിന്റെ ആന്തരികലക്ഷ്യം അജ്ഞാനനിർമ്മൂലനമാണെന്നു കാണിച്ചുകൊണ്ട്, അദ്വൈതപക്ഷത്തിൽ, സദാനന്ദയതി മറ്റൊരു മഹാഭാരതപഠനം (മഹാഭാരതതാത്പര്യപ്രകാരം) എഴുതി. എന്നാൽ നാളിതേവരേയ്ക്കും ഉത്തമനായ വ്യാഖ്യാതാവ് നീലകണ്ഠ ദീക്ഷിതരാണ്. അദ്ദേഹത്തിന്റെ വ്യാഖ്യാനം (മഹാഭാരതഭാവദീപം), മിക്കവാറും കഠിന പദങ്ങളുടേയും ശൈലികളുടേയും ഒരു സമാഹാരമാണ്. എന്നാൽ ഭാഗികമായി ഈ വ്യാഖ്യാനം, മഹാഭാരതത്തിന്റെ സമ്പൂർണ്ണ സാഹിത്യ ഘടനയുടെ ഉജ്ജ്വല പ്രകാശനം കൂടിയാണ്. ഒരു പക്ഷേ, പ്രധാനകഥയിൽ നെയ്തെടുത്തിട്ടുള്ള ഉപകഥകളുടെ പരസ്പര ബന്ധങ്ങളെ അപഗ്രഥിക്കുന്ന ഒരേയൊരു വ്യാഖ്യാനമാണിത്. മഹാഭാരതത്തിന്റെ സ്ഥായിയായ രസം ശാന്തിയാണെന്ന് ആനന്ദവർദ്ധനൻ പാർശ്വികമായി നിർദ്ദേശിക്കുക മാത്രം ചെയ്യുന്നു. മഹാഭാരതത്തിന്റെ സമീപകാല പഠനങ്ങൾ, മുഖ്യമായും ഭാഷാഘടന, ചരിത്രതലങ്ങൾ, സാമൂഹിക സാംസ്കാരിക വിശ്വാസങ്ങൾ, മിത്തോളജി, രൂപഘടനാ ഭാവങ്ങൾ എന്നിവയെ കേന്ദ്രീകരിക്കുന്നു.

മഹാഭാരതം അതിന്റെ അവസാനത്തിൽ നിന്നും ആരംഭിക്കുന്നു. പ്രതികാരം മാത്രം ലക്ഷ്യമാക്കി, പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ നടത്തിയ സർപ്പയാഗം എന്ന ഉത്തര മഹാഭാരത സംഭവമാണ് മഹാഭാരതകഥയുടെ തുടക്കം. കഥ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്നു. പിന്നോക്കക്കാഴ്ചകൾ, ചിത്രീകരണ ഐതിഹ്യങ്ങൾ, ഗതകാല സ്മരണകൾ, ധർമ്മ - തത്വശാസ്ത്ര ചർച്ചകൾ, ആത്യന്തികമായ മാനുഷികമൂല്യം, ജനങ്ങൾ, ജനപദങ്ങൾ, പ്രാദേശിക ശീലങ്ങൾ എന്നിവയുടെ വർണ്ണനകൾ, കഥാപാത്രങ്ങളുടെ ഉൽപത്തി, അവരുടെ സങ്കീർണ്ണമായ ബന്ധങ്ങൾ, അവസാനമായി സംഭവ വിവരണങ്ങൾക്കു അനുയോജ്യരായ വക്താക്കളുടെ ശൃംഖലകൾ, സർവകാലങ്ങളിലും വെച്ച് മഹത്തമമായ ഈ മഹാമനുഷ്യ സംക്ഷോഭത്തിൽ സ്വയം ഭാഗഭാക്കാവുന്ന വക്താക്കൾ.

മഹാഭാരതം ആത്യന്തികമായി, അതിന്റെ ഇന്നത്തെ രൂപത്തിലെത്തുന്നതിനു മുമ്പ്, ശതാബ്ദങ്ങളിലൂടെ, ഉള്ളടക്കത്തിന്റെ കൂട്ടിച്ചേർക്കലിലൂടെ, വികസിച്ചിട്ടുണ്ടെങ്കിലും ഇന്ത്യൻ ജനതയുടെ സമൂഹസ്മരണയിൽ മായാത്തവണ്ണം ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അത് ഇന്ത്യൻ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകമായിട്ടുണ്ട്. ഒരു തരത്തിൽ അത് ഋഷികളുടേയും, വേദങ്ങളുടേയും, ശാശ്വത തത്ത്വ ശൃംഖല(മാറ്റങ്ങൾക്കും തുടർച്ചക്കും തമ്മിൽ തുലനം നില നിർത്തുന്ന നിരന്തരമായി ചലിച്ചു കൊണ്ടിരിക്കുന്ന ധർമ്മം)യിലെ യോഗിവര്യന്മാരുടേയും, ദിവ്യദർശനങ്ങൾക്കൊപ്പം, പ്രപഞ്ചാത്മാവിനെ നാരായണനായി ദർശിക്കുന്ന മഹാകാവ്യമാണെന്നു പറയാം. മറ്റൊരു തരത്തിൽ അത് മനുഷ്യന്റെ പരിണാമത്തെ (Becoming), ജീവിതപൂർണ്ണതയുമായി താദാത്മ്യം പ്രാപിക്കാനുള്ള മനുഷ്യന്റെ നിരന്തര പരിശ്രമത്തെ, പ്രകീർത്തിക്കുന്ന മഹകാവ്യമാണ്. മഹാഭാരതം ശരിയായ അർത്ഥത്തിൽ തന്നെ, ഒരു ബീജത്തിൽ നിന്ന് ഉത്ഭവിച്ച്, ഭൂഗർഭത്തിൽ പടരുന്ന വേരുകളോടെ, സർവ ദിശകളിലേക്കും വ്യാപിക്കുന്ന ശാഖകളോടെ, വളരുന്ന ഒരു മഹാവൃക്ഷമായി സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വൃക്ഷസങ്കൽപ്പം ഒരു വസ്തുത പ്രത്യേകം എടുത്തു കാണിക്കുന്നു. ഈ ഇതിഹാസത്തിലടങ്ങുന്നതെല്ലാം, ജൈവികമായി ബന്ധമുള്ളതും, ആത്യന്തികമായി ഏകവുമാണ്. യാതൊന്നും പുറത്തു നിന്നും ഒട്ടിച്ചു ചേർത്തിട്ടില്ല. കഥയുടെ കാതൽ തന്നെ ഉപകഥകളായി, ശാഖകളായി വളരുന്നു. കാവ്യശിൽപബീജം ഏകമായിത്തന്നെ അവശേഷിക്കുന്നു. കാതൽ ഒന്നു തന്നെ. എല്ലാ പ്രധാന ശാഖകളും വ്യക്തമായി നിർവചിക്കപ്പെട്ട്, പൂർണ്ണ വളർച്ചയെത്തിയവയാണ്. ശാഖകളിൽ നിരന്തരം ഇലകളും പൂക്കളും ഉണ്ടാകുന്നു. ഫലമുണ്ടാവുമ്പോൾ, വൃക്ഷം അതിന്റെ അന്തിമ രൂപം കൈക്കൊള്ളുന്നു - മഹാഭാരതവൃക്ഷം. എല്ലാ സങ്കലനങ്ങളും വ്യവകലനങ്ങളും ഫലോൽപാദനത്തിനു മുമ്പായി നടക്കുന്നു. വ്യതിയാനങ്ങളും സങ്കലനങ്ങളും ഏച്ചുകൂട്ടലുകളും, മഹാഭാരതത്തിൽ സ്വയം മുങ്ങിക്കുളിച്ചവർ തന്നെയാണ് നടത്തിയത്. അവരുടെ വ്യക്തിസത്തകൾ, ഈ അനന്തമായ ഇതിഹാസത്തിൽ അലിഞ്ഞു ചേർന്നു. വ്യത്യസ്തമായ തിരിച്ചറിയലിന്റെ ആവശ്യം ഒരിക്കലും ഉണ്ടായിരുന്നില്ല. എന്തെന്നാൽ, അവർ കൂട്ടിച്ചേർത്തതെല്ലാം കേന്ദ്ര സങ്കൽപ പ്രചോദിതമത്രേ. കൂട്ടിച്ചേർക്കലുകൾ വ്യത്യസ്ത ദർശനങ്ങളോ സ്വതന്ത്ര വിവരണങ്ങളോ അല്ല. അവ വായ്മൊഴി പാരമ്പര്യത്തിന്റെ നിരന്തര ജന സമ്പർക്കത്തിന്റെ അനന്തര ഫലങ്ങളായിരുന്നു - അതുവഴി ശ്രോതാക്കളുമായി നിരന്തര സംഭാഷണം തുടരുന്നു. ജനങ്ങൾ നവാത്ഭുതങ്ങൾക്കു വേണ്ടിയല്ല, മഹാഭാരത ശ്രവണത്തിലേർപ്പെട്ടത് - എന്തെന്നാൽ മഹാഭാരതകഥ, ഉറക്കുപാട്ടുകളിൽ കൂടെപ്പോലും അവർ ആഗീരണം ചെയ്തുകഴിഞ്ഞിരുന്നു. ഭൂതകാല പ്രതികരണങ്ങൾ പുതുക്കാനും മൂർച്ച കൂട്ടാനും മാത്രം അവർ വീണ്ടും വീണ്ടും മഹാഭാരതം ശ്രവിച്ചു - മഹാഭാരതസാഗരത്തിൽ സ്വയം അലിഞ്ഞുചേരാൻ മാത്രം. ആത്മീയ പുനർജനനത്തിനും, മാംസ ദൗർബല്യോച്ചാടനത്തിനും സ്വധർമ്മോപധർമ്മ വിവേചനത്തിനും വേണ്ടിയായിരുന്നു മഹാഭാരത ശ്രവണം. എന്തെന്നാൽ യഥാർത്ഥ ധർമ്മം ദ്രവിച്ച ഒരു പുരാതന വസ്തുവല്ല. അത് നിരന്തരമായ ഒരു ജീവിതപ്രവാഹമാണ്. സ്ഥിരതയല്ല, ചലനമാണതിന്റെ ജീവൻ. ഒരു നിമിഷത്തിൽ നിന്ന് കൂടുതൽ സജീവമായ അടുത്ത നിമിഷത്തിലേക്കുള്ള പ്രകടമായ സമരമാണ് ധർമ്മം.

ഭാരതീയ ദർശനത്തിൽ, സംഭവങ്ങൾ തനതായി പ്രധാനമല്ല. സംഭവങ്ങൾ സ്ഥാപിക്കുന്ന വസ്തുതകൾക്കാണ് പ്രാധാന്യം. ഇവിടെയും, സംഭാവ്യമായ എല്ലാ പ്രാധാന്യതകളിലും വെച്ച്, ഏറ്റവും കൂടുതൽ പ്രാധാന്യം പ്രധാന കഥാപാത്രങ്ങളേയും അപ്രധാന കഥാപാത്രങ്ങളേയും ഒരു പോലെ ബാധിച്ച്, അത്തരം മറ്റു സംഭവങ്ങളിലൂടെ മനുഷ്യരാശിയെത്തന്നെ സമഗ്രമായി ബാധിക്കുന്ന വസ്തുതകൾക്കാണ്.

നമുക്ക് മഹാഭാരതഘടനയെ അവലോകനം ചെയ്യാം. മഹാഭാരതത്തിന്റെ തുടക്കം തികച്ചും അനുയോജ്യമാണ്. നാടോടി ഗാന ശൈലിയിലൊരു വിലാപം. (I.1.102-155). ധൃതരാഷ്ട്രന്റെ വാക്കുകളിലൂടെ ഒഴുകി വരുന്ന മോഹപാരമ്യം. (സർവലോക ക്ഷേമത്തിനുപരിയായി, തന്നെ ചൂഴുന്ന ഒരു ചെറിയ വൃത്തത്തിന്റെ ക്ഷേമത്തിൽ പിടിച്ചു തൂങ്ങുന്ന) ഈ വിലാപത്തിലെ ഓരോ ശ്ളോകവും "ഞാൻ അറിഞ്ഞതു മുതൽ (*യഥാ ശ്രൗസം*)"എന്നു തുടങ്ങി, പാണ്ഡവരുടെ ഗുണഗണങ്ങളേയും എടുത്തു പറയത്തക്ക നേട്ടങ്ങളേയും വിവരിക്കുന്നതോടൊപ്പം, സ്വപുത്രന്മാരുടെ തോൽവികളേയും വിഡ്ഢിത്തങ്ങളേയും വർണ്ണിക്കുന്നു. ഓരോ ശ്ളോകവും, "അന്നേ തീർന്നൂ, സഞ്ജയാ, വിജയത്തിലുള്ള എന്റെ ആശ"(*തദാ നാശംസേ വിജയായ സഞ്ജയ*) എന്ന വിലാപത്തോടെ അവസാനിക്കുന്നു. ധൃതരാഷ്ട്രർ മന്യു (ഇരുണ്ട ക്രോധം) വൃക്ഷത്തിന്റെ വേരാണ്. പുത്രനായ ദുര്യോധനൻ, വൃക്ഷത്തടിയും. അതിനാൽ ധൃതരാഷ്ട്രന്റെ വിജയസങ്കൽപ്പം നശിപ്പിക്കാനുള്ള ആശയുടെ കറ പുരണ്ടതാണ്. എന്നാൽ, യഥാർത്ഥ വിജയം, അഥവാ ജയം, യുധിഷ്ഠിരൻ പ്രധാന തടിയായ മറ്റേ ധർമ്മ വൃക്ഷത്തിലാണ് രൂപം കൊള്ളുന്നത്. ആ ജയത്തിന് അഥവാ വിജയത്തിന് യാതൊരു അഹങ്കാരവുമില്ല. അതിൽ പ്രതികാരത്തിന്റെ കളങ്കമില്ല. അതിൽ ഇരട്ടത്താപ്പിന്റെ നിഴലില്ല. നേരേ മറിച്ച്, അത് സമസ്ത ലോക സുഖക്ഷേമത്തിൽ തൽപരമാണ്. അത് അന്യരുടെ മേലുള്ള വിജയമല്ല. സ്വന്തം ആത്മാവിന്റെ അന്ധവികാരങ്ങൾക്കും, ഇരുണ്ട ദർശനങ്ങൾക്കും മേലെയുള്ള വിജയമാണത്. നിശ്ചയമായും ഈ വിജയത്തിൽ നാം ഒറ്റപ്പെടുന്നു.

വ്യാസൻ തികച്ചും അനുയോജ്യമായി, ഈ സമ്പൂർണ്ണ ഗ്രന്ഥത്തെ, ജയം എന്നു വിളിക്കുന്നു; ഈ കാവ്യം ആസ്വദിക്കാൻ ഒരു പ്രക്രിയ നിർദേശിക്കുകയും ചെയ്യുന്നു.

*നാരായണം നമസ്കൃത്യ നരം ചൈവ നരോത്തമം*

*നത്വാ സരസ്വതീം വ്യാസം തതോ ജയമുദീരയേത്*

ആദ്യം ലോകപുരുഷനായ നാരായണനെ നമസ്കരിക്കുക. പിന്നെ, നരനെയും, നരോത്തമനെയും. സരസ്വതിയെയും വ്യാസനെയും നമിക്കുക. പിന്നെ ഈ ജയേതിഹാസം വായിക്കുക.

വാസ്തവത്തിൽ ഈ ശ്ളോകം വ്യക്തമാക്കുന്നത് എല്ലാം ഒന്നു തന്നെ എന്നാണ്. പരമാത്മാവിന്റെ മൂന്ന് അവതാരങ്ങളാണ്, നാരായണൻ (ദൈവികം), നരൻ (മാനുഷികം), നരോത്തമൻ (ദൈവികമാനുഷികം, ദൈവത്തിനേക്കാളുമുപരി), സൃഷ്ടികളെയും സ്രഷ്ടാവിനെയും യോജിപ്പിക്കുന്ന വചനത്തിന്റെ സൃഷ്ട്യുന്മുഖ ശക്തി - ഇവയെല്ലാം അനശ്വര പ്രക്രിയകളാണ്, എല്ലാം ഏകമാണ്. ഈ ആവാഹനത്തിന് മറ്റൊരർത്ഥം ഉണ്ടാവാം. സരസ്വതീ നദി, മഹാഭാരത യുദ്ധമെന്ന സർവ്വ നാശത്തിനു് സാക്ഷിയാണ്.

വ്യാസന്റെ സൃഷ്ട്യുന്മുഖ താത്പര്യത്തിനും സരസ്വതി സാക്ഷിയാണ്. വ്യാസൻ, സ്വയം, ഇതേ നദിയിലെ ഒരു ദ്വീപിൽ, മഞ്ഞു മൂടിയ ഒരു നിമിഷത്തിൽ ജനിച്ചവനാണ്. വ്യാസൻ, കൃഷ്ണവർണ്ണനായ ദ്വീപജാതൻ (കൃഷ്ണദ്വൈപായനൻ) ഈ കഥയിലെ കഥാപാത്രവും സാക്ഷിയുമാകുന്നു - അദ്ദേഹം സ്വയം അവതരിപ്പിക്കുന്ന കഥ! അതു കൊണ്ടു തന്നെ അദ്ദേഹം സരസ്വതീ നദിക്കും, നദീഭാഷണത്തിനും (അഗാധമായ മനുഷ്യജ്ഞാന ഭാഷണം) തുല്യനാണ്. തൽഫലമായി, അദ്ദേഹം പരമാത്മാവിനും മനുഷ്യാത്മാവിനും തുല്യനാണ്. സ്വന്തം ബന്ധമുണ്ടായിട്ടും, അദ്ദേഹം തന്റെ ബന്ധങ്ങളെക്കാളുപരി, ഏകനായി നിലകൊള്ളുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ജയം എക്കാലവും, അതൃപ്തമായ അജ്ഞതയുടെ മേലുള്ള ജയമാകുന്നു. ഒന്നാമത്തെ ശ്ളോകത്തിന്റെ അർത്ഥം, സദാനന്ദയതി, ഇപ്രകാരം വ്യാഖ്യാനിക്കുന്നു. മനുഷ്യനെന്ന നിലയിൽ, അല്ലെങ്കിൽ പരമാത്മാവിനോടു കൂടിയ മനുഷ്യനെന്ന നിലയിൽ, നാരായണൻ പുരുഷോത്തമനാകുന്നു. എന്തെന്നാൽ, അദ്ദേഹം ഈ ലോകത്തിലുണ്ട്. ഈ ലോകത്തിന്റെ ഒരു ഭാഗമാണദ്ദേഹം. അതേ സമയം, ഈ ലോകത്തിനുമുപരിയായ, അതീതാനുഭവത്തിന്റെ ഭാഗം കൂടി ആണദ്ദേഹം. നാരായണ നരോത്തമ സങ്കൽപം പ്രകാശിപ്പിക്കുന്ന സരസ്വതീ ദേവിയുടെ അനുഗ്രഹങ്ങൾക്കു പാത്രീഭവിച്ചതിനു ശേഷമേ, വ്യാസനെപ്പോലെ, ആ സരസ്വതീദേവിയോട് പൂർണ്ണ വിനയം കൈവരിച്ചതിന്നുശേഷം മാത്രമേ ഈ വിജയഗ്രന്ഥ പാരായണത്തിനൊരുങ്ങാൻ പാടുള്ളൂ.

ഈ ശ്ളോകത്തിന് മറ്റൊരർത്ഥം കൂടിയുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. യുദ്ധം സരസ്വതീ തടങ്ങളിൽ വെച്ചു നടന്നു. വ്യാസൻ, ഈ ഇതിഹാസം സരസ്വതീതടങ്ങളിൽ വെച്ച് രചിച്ചു. വ്യാസൻ, ഇതേ സരസ്വതി നദിയിലെ ഒരു ദ്വീപിൽ ജനിച്ചു. അദ്ദേഹം, മഹാഭാരതസംഭവങ്ങൾക്ക് സാക്ഷി മാത്രമല്ല, അവയോടു പൂർണ്ണ ബന്ധം പുലർത്തുകയും ചെയ്യുന്നു. ഇതിഹാസം മുഴുവൻ എഴുതിത്തീർന്നിട്ടും, യാതൊന്നിനും മാറ്റമുണ്ടാവില്ല, യാതൊന്നും മാറില്ല എന്നദ്ദേഹം വിചാരിക്കുന്നു. വ്യാസവിലാപം വനരോദനമാണ്. (XVIII. 5.49)—ധർമ്മത്താൽ അർത്ഥം അർത്ഥവും, കാമം കാമിക്കപ്പെടേണ്ടതുമാകുന്നു. എന്നാൽ ആരും തന്നെ ധർമ്മസാധനയിലൂടെ അർത്ഥകാമങ്ങൾ നേടാൻ ശ്രമിക്കുന്നില്ല.

വ്യാസനെപ്പോലെയുള്ള ഒരാൾ, സ്വയം വിജയതത്പരനായി, സ്വന്തം കൃതിയെ ജയഗ്രന്ഥം എന്നു വിളിക്കുമ്പോൾ, ധൃതരാഷ്ട്രർ വിജയം കൊണ്ട് അർത്ഥമാക്കുന്നത് ഈ വിജയമല്ല എന്നു നാം അറിയുന്നു. ഇത് അജ്ഞതയുടെ മേലുള്ള വെറുമൊരു വിജയമല്ല. അതിജീവിക്കാനാവാത്ത എല്ലാ എതിർപ്പുകളേയും വെല്ലാനുള്ള മാനവഹൃദയത്തിന്റെ ധൈര്യസ്ഥിരതയുടെ വിജയം കൂടിയാണിത്. ഈ വിജയസങ്കൽപ്പത്താൽ പ്രചോദിതനായി, കവി, ആരും ശ്രദ്ധിക്കുന്നില്ലെങ്കിലും സ്വയം കേൾക്കപ്പെടാൻ ശ്രമിക്കുന്നു. യാതൊരു പ്രയോജനവും ഉണ്ടായില്ലെങ്കിലും, ഒഴിച്ചു കൂടാനാവാത്ത അന്ത്യത്തെ മാറ്റാനാവില്ലെങ്കിലും, ഈ ശ്രമം നടത്തേണ്ടതാണെന്ന് കവി സങ്കൽപിക്കുന്നു. അത്തരമൊരു വ്യക്തിയുടെ പരിദേവനം തീഷ്ണമാണ്. മഹാഭാരതത്തിന്റെ അർത്ഥത്തിലേക്ക് ആഴ്ന്നിറങ്ങുന്നവർക്ക് മാനുഷിക സന്ദർഭങ്ങളുടെ കറുത്ത വശങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. അവർ മൂടൽ മഞ്ഞിലകപ്പെടുമെന്ന് തീർച്ച. എന്നാൽ നദീ

പ്രവാഹമദ്ധ്യത്തിൽ പോയി നിന്ന്, ഇരു കരകളിലുമുള്ള ആ രണ്ടു വൃക്ഷങ്ങളിൽ ഒന്ന് പൂർണ്ണമായും പിഴുതെറിയപ്പെടുന്നതും, ഇലകളെല്ലാം കൊഴിഞ്ഞെങ്കിലും, മറ്റേ വൃക്ഷത്തിന്റെ ഞരമ്പുകളിൽ, പുതുതായിത്തുറന്ന ഒരു മുറിവിലെന്ന പോലെ, ജീവദ്രാവകം കിനിഞ്ഞൊഴുകുന്നതും കാണുക. ആദ്യത്തേത് വെറുപ്പിന്റെ, ക്രോധത്തിന്റെ, അഹങ്കാരത്തിന്റെ, വിഷയ സംഗത്തിന്റെ മഹാവൃക്ഷമാണ്. അതിന്റെ പേർ ദുര്യോധനൻ, കർണ്ണൻ അതിന്റെ തടി, ശകുനിയാണതിന്റെ ശാഖകൾ, അതിലെമ്പാടും വിരിയുന്ന പൂക്കളാണ് ദുശ്ശാസനൻ, മൂഢനായ ധൃതരാഷ്ട്ര രാജാവാണ് അതിന്റെ വേര്. രണ്ടാമത്തെ മഹാ വൃക്ഷം ധർമ്മവൃക്ഷമത്രേ. അതിന്റെ പേർ യുധിഷ്ഠിരൻ. അർജ്ജുനൻ അതിന്റെ തടി, ഭീമസേനൻ അതിന്റെ ശാഖകൾ, നകുലനും സഹദേവനും അതിന്റെ പൂക്കളും കായ്കളും. ശ്രീകൃഷ്ണനും വേദങ്ങളും (ജ്ഞാനധനം) എല്ലാ ജ്ഞാനികളും അതിന്റെ വേരുകൾ.

രണ്ടു വൃക്ഷങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിയാൽ, ദുര്യോധനന്റേത് അധർമ്മ വൃക്ഷമെന്നു വിളിക്കപ്പെടുന്നില്ല എന്നു വ്യക്തമാണ്. അതു കറുത്ത ക്രോധത്തിന്റെ വൃക്ഷമത്രേ. അതിൽ ധർമ്മം ഇല്ലെന്നില്ല. എന്നാലതിന്റെ ധർമ്മം മലിനം. അത് ചേർച്ചകളില്ലാത്തതല്ല. അത് അഹങ്കാരാവൃതം. മറു വശത്ത് യുധിഷ്ഠിരന്റെ ധർമ്മം അഹങ്കാരശൂന്യം. അത് പവിത്രം. അതിൻ നിറമില്ല. അതിൽ ഇരട്ടത്താപ്പിന്റെ നിഴൽ വീണിട്ടില്ല. എതിരാളികൾ പോലും അദ്ദേഹത്തിന്റെ സ്ഥൈര്യതയെ സംശയിക്കുന്നില്ല. ഈ താരതമ്യം വ്യക്തമാക്കുന്ന മറ്റൊരു വസ്തുത, ദുര്യോധനന്റെ മന്യുവൃക്ഷത്തിന്റെ വേരുകൾ അത്യന്തം ദുർബ്ബലമാണ് എന്നതത്രേ. എന്തായാലും, സംഗവ്യഥിതനായ ഒരു അന്ധരാജാവിൽ നിന്ന് എന്തു സഹായം ലഭിക്കും? മറു വശത്ത്, സ്വയം ശ്രീകൃഷ്ണൻ മാത്രമല്ല, ഒരു ജനതതിയുടെ അനുഭവസന്നമായ, സജീവ ജ്ഞാനവും, ദൈവികജ്ഞാനവും, ജനങ്ങളും ലോകം അവിഭാജ്യമാണെന്നറിയുന്ന എല്ലാ ആചാര്യന്മാരും ദർശകന്മാരും, ആ ധർമ്മവൃക്ഷത്തിന്റെ വേരുകളാണ്.

വ്യാസൻ വിളിച്ചു പറയുന്നു: കട പുഴങ്ങിയ വൃക്ഷത്തേയും നിവർന്നു നിൽകുന്ന വൃക്ഷത്തേയും നോക്കൂ. എന്നിട്ടതിന്റെ ഏകാന്തതയെ അറിയൂ. ആ അറിവാണ് വിജയം. അറിവ്, വൈയക്തിക താൽപര്യങ്ങൾക്കുപരി, സ്വയം ഔന്നത്യത്തിലേക്കുള്ള ഉയർച്ചയും.

പാശ്ചാത്യോന്മുഖരായ യാഥാസ്ഥിതിക പണ്ഡിതന്മാർ എന്റെ വ്യാഖ്യാനം പാർശ്വികമായി കാണാൻ വഴിയുണ്ട്. എന്നാൽ ഈ വ്യാഖ്യാനം, ധൃതരാഷ്ട്രന്റെ വിജയതൃഷ്ണയും വിജയ സങ്കൽപ്പവും തെറ്റാണെന്ന് എനിക്ക് വ്യക്തമാക്കിത്തരുന്നു. ഈ സന്ദർഭത്തിൽ, ഈ വിജയഗ്രന്ഥത്തിലെ പ്രധാന പ്രശ്നം, അജ്ഞാനത്തിന്റെയും, ജ്ഞാനത്തിന്റെയും ധ്രുവങ്ങൾ രേഖപ്പെടുത്തുകയല്ല എന്നു വ്യക്തമാകുന്നു. അടിസ്ഥാനപരമായ മാനുഷിക മൂല്യങ്ങളുടേയും പ്രതീക്ഷകളുടേയും വീക്ഷണത്തിൽ, ഈ ഗ്രന്ഥം, ധർമ്മത്തിന്റെ ആത്യന്തികവിജയം രേഖപ്പെടുത്താനുള്ള ശ്രമം ആവില്ലെന്നു മനസ്സിലാകും. എന്തെന്നാൽ, ധർമ്മം എവിടെയുണ്ടോ, ജയം അവിടെയുണ്ട്. വാസ്തവത്തിൽ, ഈ ഗ്രന്ഥം, യഥാർത്ഥ വിജയത്തിന്റെയും, യഥാർത്ഥ ധർമ്മത്തിന്റെയും സ്വഭാവം നിർവചിക്കാനുള്ള ശ്രമം ആയിരിക്കാം. ഒരു പക്ഷേ, ഇതിനാലാവാം, സംഗ

വ്യഥിതനായ ഒരു മനുഷ്യന്റെ പശ്ചാത്താപത്തിൽ നിന്നും, അയാളുടെ ശോകത്തിൽ നിന്നും കഥ ആരംഭിക്കുന്നത്. ഒരു മഹാ ശോകത്തിൽ നിന്നു മാത്രം ഉത്ഭവിക്കുന്ന ദുഃഖത്തിലും ശാന്തിയിലും കഥ അവസാനിക്കുന്നു.

ശാന്തി, അഥവാ സമാധാനം, മഹാഭാരതത്തിന്റെ കേന്ദ്രബിന്ദുവല്ല എന്നു കരുതുന്നവരുണ്ട്. അവർക്ക് ശോകമാണ് മഹാഭാരതത്തിലെ കേന്ദ്ര വികാരം. എന്തെന്നാൽ, അവരെ സംബന്ധിച്ചിടത്തോളം, ശാന്തി പ്രകോപനത്തിലേക്കു നയിക്കുന്നില്ല. നാട്യശാസ്ത്രത്തിൽ ശാന്തിക്ക് നാടകീയ ചൂഷണത്തിന്റെ യതൊരു സാധ്യതകളുമില്ല - അഷ്ടരസങ്ങളിൽ, ശാന്തിയോ, സമാധാനമോ ഇല്ല. എന്നാൽ അവശ്യമായും ശാന്തിയിലൂടെ മാത്രമേ വ്യക്തിപരമായ പ്രകോപനം സാധ്യമാവൂ. അഷ്ടരസങ്ങളിലും, ഒരു പ്രത്യേക ദൗർബല്യം ഇളക്കി മറിക്കുന്നതിനാലാണ് പ്രകോപനം ഉണ്ടാവുന്നത് - ഈ ഇളക്കിമറിക്കലിന്റെ ഫലമായുണ്ടാകുന്ന അറിവുമൂലം. സുഖദുഃഖദ്വന്ദങ്ങളിൽ കുടുങ്ങാതിരിക്കുമ്പോൾ, കാമ്യവും അകാമ്യവും ഒരു പോലെ സ്വീകാര്യമാകുമ്പോൾ, സ്വന്തമായി ആരും ഇല്ലാതെയാകുമ്പോൾ, സ്നേഹവും വെറുപ്പും പിൻവാങ്ങുമ്പോൾ, ജീവിതത്തിന്റെ ജീവദ്രാവകമായ കരുണ, അനശ്വരസത്യമായ കരുണ, ഇവയ്ക്കു പകരം സ്ഥാനം പിടിക്കുന്നു. ഈ കാരുണ്യം സമ്പാദിച്ചാൽ, സാധാരണ നിലയിൽ ഒഴിവാക്കപ്പെടാവുന്ന, നികൃഷ്ട ജീവിയെന്നു കരുതപ്പെടുന്ന, ഒരു തെണ്ടിപ്പട്ടിയെക്കൂടി, ഒരാൾക്ക് ഉപേക്ഷിക്കാൻ സാധ്യമല്ല.

അനന്തമായ മനുഷ്യഹൃദയം അതിലടങ്ങിയ നന്മതിന്മകളോടെ മഥനം ചെയ്താൽ മാത്രം കൈവരിക്കാവുന്ന ഈ അനശ്വരസത്യത്തെയാണ് മഹാഭാരതം അന്വേഷിക്കുന്നത്. മഹാഭാരതം വെറും കേവല സത്യം കൊണ്ടു മാത്രം തൃപ്തിപ്പെടുന്നില്ല. അത് ശാശ്വതസത്യം അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. മഹാഭാരതത്തിലെ പ്രമുഖ കഥാപാത്രങ്ങൾ കേവല സത്യവും ശാശ്വത സത്യവും തമ്മിലുള്ള ഈ വ്യത്യാസം തിരിച്ചറിയുന്നതിൽ പരാജയപ്പെടുമ്പോൾ, ഏതെങ്കിലും ഒരു അപ്രധാന കഥാപാത്രം, അല്ലെങ്കിൽ ഒരു ഉപകഥയിലെ കഥാപാത്രം, അതു കണ്ടെത്താം, അതു കണ്ടെത്തി അതിനെ വാഴ്ത്താം. ദ്രൗപദിയെ പണയപ്പെടുത്തുമ്പോൾ, ഭീഷ്മരും ദ്രോണരും പ്രതിഷേധിക്കുന്നില്ല. ചൂതുകളിക്കു ശേഷം, ഒരു പണയവസ്തുവെന്ന നിലയിൽ അവൾ സഭയിലേക്കു വിളിക്കപ്പെടുമ്പോൾ, അവർ നിശ്ശബ്ദരാണ്. എന്നാൽ, ദുര്യോധനന്റെ സ്വന്തം സഹോദരൻ വികർണ്ണൻ, പ്രതിഷേധസ്വരമുയർത്തി ( II. 61. 11), സ്ത്രീ സ്വത്തോ സമ്പാദ്യമോ അല്ല എന്നും അവളെ പണയവസ്തുവാക്കി ഉപയോഗിക്കരുത് എന്നും പറയുന്നു. അതിനാൽ ആ കളി തന്നെ അസാധുവാണ്. എന്നാൽ കാര്യങ്ങളുടെ നില ഇതു തന്നെയാണെന്നും, വർത്തമാനകാല സന്ദർഭത്തിൽ, സ്ത്രീ സ്വത്താണെന്നും അയാൾക്കു വിശദീകരണം ലഭിക്കുന്നു. എങ്കിൽ, ഈ വർത്തമാനനില, ശാശ്വതമല്ല എന്നാണ് വികർണ്ണന്റെ പ്രതികരണം. എത്ര തന്നെ മറച്ചു വെക്കാൻ ശ്രമിച്ചാലും, സത്യത്തെ കുഴിച്ചു മൂടാൻ കഴിയില്ല എന്ന് വികർണ്ണന്റെ പ്രതിഷേധം വ്യക്തമാക്കുന്നു. അസഹനീയമായ ഒരു സംഭവം, താഴ്ന്നവരിൽ താഴ്ന്നവരെപ്പോലും പ്രതിഷേധസ്വരമുയർത്താനും, കുഴിച്ചു മൂടപ്പെട്ട സത്യത്തെ തുറന്നു കാണിക്കാനുള്ള ധൈര്യം ആർജ്ജിക്കാനും പ്രേരിപ്പിച്ചേക്കാം. എന്തെന്നാൽ നമ്മുടെയെല്ലാം ഉള്ളിലുള്ള

തനതായ സത്യമാണ് ആ സത്യം. ജീവിതത്തിന്റെ തന്നെ ഒഴിച്ചുകൂടാനാവാത്ത, വസ്തുതയാണ് ഈ സത്യം. മറ്റു തരത്തിൽ, ജീവിതമാണ്, സ്വന്തം നിലയിൽ, ജീവിതം നയിക്കലാണ്, ആരെയും ആശ്രയിക്കാതെയുള്ള ജീവിതമാണ്, അസംഗജീവിതമാണ് സത്യം എന്നു പറയാം.

ശാന്തിപർവത്തിൽ പട്ടിണിയിലാഴ്ന്ന വിശ്വാമിത്രന്റെ കഥയുണ്ട്. ക്ഷാമകാലം. ഭക്ഷണം തേടി വിശ്വാമിത്രൻ ഒരു കുടിലിൽ എത്തുന്നു. അവിടെ അദ്ദേഹം, ഒരു നായയുടെ പുതുതായി മുറിച്ച തുടക്കഷണം കണ്ടെത്തുന്നു. വിശപ്പു സഹിക്കാനാവാതെ, നായ് മാംസം കഴിക്കാൻ അദ്ദേഹം തയ്യാറാവുന്നു. നായ് മാംസം ഭോജനീയമല്ല എന്നു പറഞ്ഞ് ഗൃഹനാഥൻ അദ്ദേഹത്തെ എതിർക്കുന്നു. ഗൃഹനാഥൻ ചോദിക്കുന്നു: എന്തിന് നിങ്ങൾ സ്വധർമ്മവും എന്റെ ധർമ്മവും നശിപ്പിക്കണം? വിശ്വാമിത്രൻ മറുപടി പറയുന്നു: മരിക്കാൻ പോകുന്ന പൂർണ്ണാരോഗ്യവാനായ ഒരു വ്യക്തിയുടെ ജീവൻ നിലനിർത്തുന്ന യാതൊന്നും അപലപനീയമല്ല.

അറവുകാരന്റെ സ്ഥാപിതതാൽപര്യം വാദം തുടരാൻ അയാളെ പ്രേരിപ്പിക്കുന്നു: ധർമ്മപരിപാലകൻ എന്ന സ്വകൽപിതനിലയിൽ, അയാൾ പറയുന്നു. ഒരു ബ്രാഹ്മണനായ നിങ്ങൾക്ക് നായ്മാംസം തരാൻ എനിക്കെങ്ങനെ കഴിയും? പിന്നെ, എങ്ങനെ ഞാൻ സ്വയം ഇത് കഴിക്കും? ഞാനിത് നിങ്ങൾക്കു തന്ന്, നിങ്ങളെന്നിൽ നിന്നും ഇത് സ്വീകരിച്ചാൽ, നാം രണ്ടു പേരും പാപികളായി നരകത്തിലെത്തും തീർച്ച തന്നെ. വിശ്വാമിത്രൻ മറുപടി പറയുന്നു. ഞാൻ ഈ പാപം ചെയ്യാൻ തയാറാണ്. എന്തെന്നാൽ, ഈ പാപം, എന്റെ ധർമ്മനിഷ്ഠമായ ജീവിതത്തെ രക്ഷിക്കും. ധർമ്മനിഷ്ഠമായ ജീവിതം നയിച്ച്, ധർമ്മാന്വേഷണം നടത്താൻ എനിക്കു സാധിക്കും. അവസാനം അറവുകാരൻ മാംസക്കഷണം വിശ്വാമിത്രനു നൽകി. എന്നാൽ വിശാമിത്രൻ അത് ഒറ്റയ്ക്കു കഴിച്ചില്ല. ആചാരാനുസാരം, അദ്ദേഹം അതിനെ ദൈവങ്ങൾക്കും പിതൃക്കൾക്കും ജീവജാലങ്ങൾക്കും വീതിക്കാനിരുന്നു. മഹാശ്ചര്യം! മഹാത്ഭുതം! മഴ പെയ്യാൻ തുടങ്ങി. രാജ്യം മുഴുവനും ക്ഷാമത്തിൽ നിന്നു രക്ഷപ്പെട്ടു. കഥ കേട്ട യുധിഷ്ഠിരൻ അത്യന്തം അസ്വസ്ഥനായി. ഇത്രയും നീചമായ കൃത്യത്തിനു ശേഷം, എങ്ങനെ ഒരാൾക്കു ധർമ്മനിഷ്ഠനായിരിക്കാൻ കഴിയും? യുധിഷ്ഠിരന്റെ ഈ സംശയത്തെ ഭീഷ്മർ ദൂരീകരിക്കുന്നു. ധർമ്മം കേവലമായി നിർവചിക്കാനാവില്ല. ദുർബല ഹൃദയർക്ക് അളക്കാനാവുന്നതല്ല ധർമ്മം. അഗാധമായ ശാസ്ത്ര പഠനത്തിനു ശേഷം മാത്രമേ, ധർമ്മത്തെ പൂർണ്ണമായും മനസ്സിലാക്കാൻ കഴിയൂ.

ജീവിതത്തിന്റെ നിരന്തര പ്രവാഹമാണ് മഹാഭാരതത്തിലെ അത്യുന്നതമായ സത്യം. ജീവിതം ഒരിക്കലും മൃതമാവുന്നില്ല. ജീവിതം വില കെട്ടതാവാം. ജീവിതം അപ്രശസ്തമാവാം. എന്നാലത് ഒരിക്കലും ഇല്ലാതെയാവുന്നില്ല. അത് ദ്രുത സ്വഭാവമുള്ളതാണ്. അതു നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അത് സ്ഥിരമല്ല. അത് നമ്മെ നിരന്തരം സത്യത്തിന്റെ സുവർണ്ണയുഗത്തിലേക്കു നയിക്കുന്നു (*സതോയുഗം*) - ശാശ്വത പ്രവാഹത്തിൽ സംതൃപ്തി കൊള്ളുന്ന കർമ്മത്തിന്റെ സുവർണ്ണയുഗം. (*കൃതഃ സംപദ്യതേ ചരൻ*.)

ധർമ്മവും അധർമ്മവും തമ്മിലെന്ന പോലെ, സത്യവും അസത്യവും തമ്മിൽ യാതൊരു വകഭേദവുമില്ല എന്നതാണ് ഈ സത്യവിചാരത്തിന്റെ പ്രസ്താവ്യമായ സവിശേഷത. എന്തെന്നാൽ കേവലമായ നിലയിൽ, സത്യത്തിന്റെയോ ധർമ്മത്തിന്റെയോ പൂർണ്ണമായ അഭാവം ഒരിക്കലും സാദ്ധ്യമല്ല. എന്നാൽ, സത്യം, അതിന്റെ തനതായ ഗുണങ്ങൾ നഷ്ടപ്പെട്ട്, ജഡമായ അവസ്ഥകൾ ഉണ്ടാവാം. അപ്പോൾ, ആ അനൃതാവസ്ഥ (പ്രപഞ്ച സൃഷ്ടിയിൽ ഋതത്തിന്റെ അഭാവം) സത്യത്തിനെതിരായി നിലകൊള്ളുന്നു, തമസ്സ്, ജ്യോതിസ്സിനെതിരെന്നവണ്ണം.

*സത്യം ബ്രഹ്മ തപഃ സത്യം സത്യം സൃജതി ച പ്രജഃ*

*സത്യേന ധാര്യതേ ലോകാഃ സ്വർഗ്ഗം സത്യേന ഗച്ഛതി*

*അനൃതം തമസോ രൂപം തമസാ നിയതേഹ്യഥ*

*തമോ ഗ്രസ്ത ന പശ്യന്തി പ്രകാശം തമസാവൃതം* (XII. 183.1-2)

സത്യം വിശാലമായ പ്രപഞ്ചമാണ്, പ്രപഞ്ചാത്മാവാണ്. ശാശ്വതമായി സഞ്ചരിക്കുന്ന ഊർജ്ജമാണ് സത്യം - സൃഷ്ടിയുടെ തത്വം നിലനിർത്തുന്നതും ഉയർത്തുന്നതും. അനൃതം, അധഃപതനഹേതുവായ ജീവിതപൂർണ്ണതയ്ക്ക് അന്ധത്വം കൽപിക്കുന്ന തമസ്സിന്റെ സ്വഭാവവും. അതുപോലെ, കേവലമായ ധർമ്മ(ശരി)മോ, അധർമ്മ(തെറ്റ്)മോ ഇല്ലാത്തതിനാൽ, ധർമ്മവും അധർമ്മവും തമ്മിൽ യാതൊരു സംഘർഷവും ഇല്ല. തീർച്ചയായും ഉപധർമ്മവും, മഹാധർമ്മവും തമ്മിൽ സംഘർഷമുണ്ട്. പൂർണ്ണ സത്യമാണതിന്റെ പരീക്ഷ. ഗൗതമന്റെയും പുത്രനായ ചിരകാരിയുടെയും കഥ (XII 258). ഇത് ചിത്രീകരിക്കുന്നു.

ഗൗതമൻ പുത്രനായ ചിരകാരിയോട് അവന്റെ അമ്മ ഒരു വഴി പിഴച്ച സ്ത്രീയാണെന്നു പറഞ്ഞ്, അവളെ കൊല്ലാൻ ആജ്ഞാപിക്കുന്നു. അതിനു ശേഷം, ഗൗതമൻ തപസ്സിനും ധ്യാനത്തിനുമായി വനം പൂകുന്നു. ചിരകാരി എന്തും ഏറെ സമയം ആലോചിക്കുകയും പുനരാലോചിക്കുകയും ചെയ്യുന്ന സ്വഭാവമുള്ളവൻ. ചിരകാരി ആലോചിക്കുന്നു: അച്ഛന്റെ ആജ്ഞ അനുസരിക്കലാണ് പുത്രന്റെ കടമ. എന്നാൽ, അമ്മയെ രക്ഷിക്കുന്നതും പുത്രന്റെ കടമ തന്നെ. താൻ പുത്രധർമ്മമാണോ അനുസരിക്കേണ്ടത് അതോ സ്വധർമ്മമോ? സ്വന്തം ഭാര്യയെ കാത്തു രക്ഷിക്കുന്ന ഭർത്താവാണ് യഥാർത്ഥ ഭർത്താവ് എന്നു ചിരകാരി തീരുമാനിക്കുന്നു. ഭാര്യക്ക് ഭക്ഷണം നൽകുകയോ, ഭാര്യയെ രക്ഷിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, അയാളെ ശരിയായ ഭർത്താവായി കാണാൻ വയ്യ. ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയെ കുറ്റപ്പെടുത്താനാവില്ല. ഭർത്താവിനെയാണ് ആദ്യം കുറ്റപ്പെടുത്തേണ്ടത്. ഭർത്താവാണ് ഒന്നാം പ്രതി.

അതിനിടയ്ക്ക് അൽപം ശാന്തമായ അവസ്ഥയിൽ ഗൗതമനും പുനരാലോചിക്കുന്നു. പുത്രനോട് സ്വമാതൃഹനനത്തിന് ആജ്ഞാപിക്കുന്നതിൽ, താൻ വീണ്ടുവിചാരമില്ലാതെ പ്രവർത്തിച്ചു എന്നദ്ദേഹം മനസ്സിലാക്കുന്നു. ദ്രുതഗതിയിൽ തിരിച്ചുവന്ന ഗൗതമൻ ഭാര്യ ജീവിച്ചിരിപ്പുണ്ടെന്നു കാണുന്നു. അദ്ദേഹം ചിരകാരിയെ അനുഗ്രഹിക്കുന്നു - ഏതു മാനസികാവസ്ഥയിലും ക്രോധവും വിചാരശൂന്യമായ തീരുമാനവും

തെറ്റാണെന്നു പറയുന്നു. അത്തരം ദൗർബല്യങ്ങളും, അഹങ്കാരവും, ആത്മാഭിമാനവും, അപമാനബോധവും ധിക്കാരവും ശരിയോ തെറ്റോ എന്ന് ഓരോരുത്തരും സൂക്ഷ്മമായി ചിന്തിക്കണം. ബുദ്ധിശൂന്യമായ ഒരു കൃത്യത്തിലാണോ താൻ ഏർപ്പെടുന്നതെന്നും അസന്തോഷകരമായ തരത്തിൽ പ്രവർത്തിക്കുന്നത് സ്വധർമ്മമാണോ എന്നും ഓരോരുത്തരും തീരുമാനിക്കണം. ബന്ധുക്കളും സ്നേഹിതന്മാരും പരിചാരകരും സ്ത്രീകളും ചെയ്യുന്ന തെറ്റുകളെ വിലയിരുത്തുമ്പോൾ, എന്തെങ്കിലും ചെയ്യുന്നതിനു മുമ്പ്, അതിസൂക്ഷ്മമായി ആലോചിക്കണം.

അതിനാൽ, ധർമ്മം, തനതുസ്വഭാവം കൊണ്ടുതന്നെ ശാശ്വതമാണ്. അത് സാവധാനം ചരിക്കുന്നു. ധർമ്മം ഒരിക്കലും ത്വരിതഗതിയിൽ പ്രവർത്തിക്കുന്നില്ല. ധർമ്മം പതിരിനെ അരിച്ചു മാറ്റുന്നു. അതിനാൽ, ധർമ്മം ഒരിക്കലും ത്വരിതപ്രശസ്തിയിലേക്ക് നയിക്കുന്നില്ല, ധർമ്മത്തിൽ പൊടുന്നനെയുള്ള ദർശനങ്ങളോ അത്ഭുതങ്ങളോ ഇല്ല. നിങ്ങളെ അടുത്തറിയുന്നവർ കൂടി, നിയതധർമ്മാനുസാരിയായ നിങ്ങളുടെ പെരുമാറ്റത്തിൽ അക്ഷമരാവുന്നു, ആശ്ചര്യപ്പെടുന്നു. ധർമ്മം ഒരാളെ ക്ഷമാമൂർത്തിയാക്കുന്നതോടൊപ്പം ഏകാകിയുമാക്കുന്നു. യുധിഷ്ഠിരൻ ഇതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ്. എന്നാൽ ധർമ്മം സ്വാന്തനമരുളുന്നു. മേഘത്തെ പിന്തുടരുന്ന ചരിക്കുന്ന നിഴലാണ് ധർമ്മം. ധർമ്മം ഒരിക്കലും സർവ്വനാശം സംഭവിക്കാൻ അനുവദിക്കുകയില്ല. അധർമ്മം ഒരാളെ പെട്ടെന്ന് ഉയർത്തുന്നു. അധർമ്മം അതിവേഗം ശത്രുനാശം ചെയ്യുന്നു. അത് ധനത്തെ ദിനരാത്രങ്ങളിൽ വർദ്ധിപ്പിക്കുന്നു. എന്നാൽ നശിപ്പിക്കുമ്പോൾ, അധർമ്മം സ്വന്തം വേരുകളെത്തന്നെ ഉന്മൂലനാശം ചെയ്യുന്നു.

ധർമ്മത്തിന് മരണമില്ല. എന്തെന്നാൽ, സത്യം, നിരന്തരമായി ധർമ്മത്തെ ശുദ്ധീകരിക്കുന്നു. യഥാർത്ഥത്തിലെ ഉൺമയും നാശമില്ലാത്തതും സത്യസ്ഥിതമത്രേ. മരണം ദേഹത്തിനും അമൃതം സത്യബോധത്തിനും എന്നത്രേ അറിവ്.

*അമൃതം ചൈവ മൃത്യുശ്ച ദ്വയം ദേഹേ പ്രതിഷ്ഠിതം*

മൃത്യും ആപദ്ധ്യതേ മോഹാത് സത്യേനാപദ്ധ്യതേമൃതം (*XII. 169.28*)

ഉത്തമവും അത്യുത്തമവും തമ്മിലെ വ്യത്യാസം മാത്രമാണ് ഇവ തമ്മിലുള്ള അന്തരം. താരതമ്യവ്യത്യാസം മാത്രം വൈരുദ്ധ്യമായിത്തോന്നുന്നു. അവസാനം, തീയതിനു പരി നല്ലതിനെ സ്വീകരിക്കുമ്പോൾ, എല്ലാ സംഗവും ത്യജിക്കേണ്ടതായി വരുന്നു. എല്ലാറ്റിനെയും ബാധിക്കുന്ന എല്ല അവസ്ഥകളെയും തുല്യമായി കാണണം. ഇത്തരത്തിൽ പ്രവർത്തിച്ചാൽ ധർമ്മമല്ലാതെ മറ്റൊരു വഴിയുമില്ല എന്ന് മനസ്സിലാകും. ഈ ഏകധർമ്മവൃക്ഷത്തിന്റെ വേരാണ് ശ്രീകൃഷ്ണൻ. ഇതിനൊരു പ്രത്യേക അർത്ഥമുണ്ട്. ഒരു വ്യക്തിയുടെ സജീവബോധം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു - താൻ ആരായിരുന്നോ അതും, താൻ ആരായിത്തീരുമോ അതും. സ്വന്തം ഗുരുവായ ഘോര അംഗിരസ്സിന്റെ ഈ ശിക്ഷണം ആസ്പദമാക്കി ശ്രീകൃഷ്ണൻ ധ്യാനിച്ചു. ജീവിതാമൃതം ആസ്വദിക്കുന്ന യോഗേശ്വരനാണ് ശ്രീകൃഷ്ണൻ. അദ്ദേഹം എല്ലാവരിലുമുണ്ടായിരുന്നു, അദ്ദേഹമായിരുന്നു എല്ലാവരും. എല്ലാവരും ശ്രീകൃഷ്ണനിലേക്ക് ആകർഷിക്കപ്പെട്ടു. യാതൊന്നും തന്നെ ശ്രീകൃഷ്ണനിൽ നിന്നു മറക്കപ്പെട്ടില്ല. സ്രഷ്ടാവും സ്ഥിതികാരിയും അദ്ദേഹ

മാണ്. എല്ലാ അസത്യങ്ങളേയും അടിയൊഴുക്കുകളേയും അനാവരണം ചെയ്തതും അദ്ദേഹം തന്നെ.

വ്യാസന്റെ മഹാഭാരതം ഒരു ശോകകാവ്യമല്ല. അത്, ശോകജ്ഞാനത്തിന്റെ, ശ്രീകൃഷ്ണന്റെ കേവലകാരുണ്യത്തിന്റെ മഹാകാവ്യമാണ്. ദൈവികപരമ്പരയിലോ (അവതാരസിദ്ധാന്തം), മറ്റെന്തെങ്കിലുമോ ഉള്ള വിശ്വാസമായി, ഇതിനെ വ്യാഖ്യാനിച്ചാലും, ഈ അറിവിന്റെ നിരന്തരപ്രവാഹത്തിൽനിന്നും രക്ഷപ്പെടാൻ ആർക്കും കഴിയില്ല. അധികം താമസിയാതെ, ഈ ഒഴുക്കിൽ മുങ്ങിപ്പൊന്തി, ഒലിച്ചു പോകണം. ഈ അറിവിലൂടെ മനുഷ്യൻ മനുഷ്യനായിത്തീരുന്നു; ദൈവമോ, രാക്ഷസനോ ആകുന്നില്ല. എന്തെന്നാൽ, ദൈവങ്ങളും മനുഷ്യത്വം നേടാൻ ആഗ്രഹിക്കുന്നു. മനുഷ്യൻ സർവോത്തമനാണെന്ന് ഇതുകൊണ്ടു വിവക്ഷിക്കുന്നില്ല. മറിച്ച് മനുഷ്യത്വം എന്ന നില, മറ്റുള്ളർക്കായി അനുഭവിക്കൽ എന്ന നില കൈവരുത്തുന്നു. മനുഷത്വം എല്ലാവരേയും സ്വീകരിക്കുന്നു; എല്ലാവരിലും മനുഷ്യത്വം ആഗ്രഹിക്കുന്നു. എല്ലാറ്റിനേയും ഏകീകരിക്കുന്ന വ്യതിരിക്തമായ മനുഷ്യത്വം. ഈ മേളനം, നരനെ, ഉത്തമ നരനായി, നരോത്തമനായി മാറ്റുന്നു.

ശ്രീകൃഷ്ണനെ ഒരു ചരിത്രപുരുഷനായി സ്വീകരിച്ചാലും ഇല്ലെങ്കിലും, (നാം അദ്ദേഹത്തെ ഒരു ചരിത്രപുരുഷനായി കാണാത്തതാണ് നന്ന്, എന്തെന്നാൽ, തത്സമയം അദ്ദേഹം പൂർണ്ണമായും പുരുഷോത്തമനാകുന്നു). അത് മഹാഭാരതത്തിന് അപ്രധാനമാണ്. മഹാഭാരതം ശ്രീകൃഷ്ണനെ ഒരു സങ്കൽപമാക്കുന്നു. എന്തെന്നാൽ, അനശ്വര സത്യത്തിലെ നമ്മുടെ വിദ്യാഭ്യാസമാണ് ശ്രീകൃഷ്ണൻ. ശാശ്വതസത്യത്തിലേക്കുള്ള അന്വേഷണവും അതിന്റെ പ്രാപ്തിയുമാണ് ശ്രീകൃഷ്ണൻ. സ്വജീവിതം മുഴുവൻ അദ്ദേഹം, മറ്റുള്ളവർക്കായി ജീവിച്ചു. എന്നാൽ, മരണമുഹൂർത്തത്തിൽ, അദ്ദേഹം പൂർണ്ണമായും തന്നിലായിരുന്നു. തന്നിൽ നിന്ന് ലോകത്തിലേക്കും, ലോകത്തിൽ നിന്ന് തന്നിലേക്കും - ഈ വൃത്തം മാത്രമാണ്, ശാശ്വതസത്യത്തിലേക്കുള്ള അനന്തമായ പാത. ഒരു വൃത്തം അവസാനിക്കുന്ന ഇടത്ത് മറ്റൊന്ന് തുടങ്ങുന്നു. നേട്ടം നേടാനുള്ള ആഗ്രഹമാവുന്നു. ഒരു ചരിത്ര ദൗത്യവും ഒരിക്കലും പൂർത്തിയാകുന്നില്ല. വാസ്തവത്തിൽ ചരിത്രദൗത്യം എന്നതേയില്ല. അത്തരമൊന്നുണ്ടെങ്കിൽ തന്നെ, അതിന് യാതൊരു പ്രാധാന്യവുമില്ല. അത് പൂർത്തിയായാലും ഇല്ലെങ്കിലും എന്തുണ്ടാവും? സത്യപ്രവാഹത്തിൽ, ചരിത്രത്തിന്റെ കവിതയുണ്ട്, ചരിത്രമില്ല - തീർച്ചയായും ഇന്ന് നാം മനസ്സിലാക്കുന്ന അർത്ഥത്തിലുള്ള ചരിത്രം. മഹാഭാരതം നമ്മെ, വീണ്ടും വീണ്ടും ആലോചിക്കാനും ആലോചിച്ചു കൊണ്ടേയിരിക്കാനും നിർബന്ധിക്കുന്നു. അതത്രേ, മഹാഭാരതത്തിന്റെ പരമോന്നത പ്രാധാന്യം, മഹാഭാരതലക്ഷ്യം. മനുഷ്യനെപ്പറ്റി, മനുഷ്യബന്ധങ്ങളെപ്പറ്റി, സമൂഹ്യഘടനയെപ്പറ്റി, ആന്തരികസംഘർഷങ്ങളെപ്പറ്റി ഉള്ള ചിന്തകൾ, സ്ഥലകാലദേശാനുസരണം എല്ലായ്പോഴും ഉദയം ചെയ്യുന്നു. ഈ അന്വേഷണം, മനുഷ്യഭാരമായോ, മനുഷ്യശാപമായോ, മനുഷ്യവിധിയായോ മഹാഭാരതം കണക്കാക്കുന്നില്ല. മഹാഭാരതം, ഇത്തരം അന്വേഷണത്തെ സത്യത്തിന്റെ തനതുസ്വഭാവമായി കാണുന്നു. നിഴലിന്റെ വ്യത്യാസം, പ്രകാശത്തിലെ വ്യത്യാസം മാത്രം.

സത്യത്തിന്റെ സജീവമൂർത്തിയാണ് ശ്രീകൃഷ്ണൻ. യുധിഷ്ഠിരനെ രാജധർമ്മങ്ങ

ൾക്കായി നിയോഗിക്കുന്ന കർമ്മം ആരംഭിക്കുന്നതിനു മുമ്പ്, ഭീഷ്മർ ശ്രീകൃഷ്ണന്റെ ഈ സത്യസത്ത തികച്ചും അനുയോജ്യമായി സ്വയം ആവാഹിക്കുന്നു:

സത്യമൂർത്തിയായ ശ്രീകൃഷ്ണനായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു; ജീവിതത്തിനുമപ്പുറം ജീവിക്കാനുള്ള ആഗ്രഹത്തിൽ നിന്നും ജന്യമായ ഒരു ചലനവ്യവസ്ഥ കൊണ്ട്, സത്യസേതു നിർമ്മിക്കുന്ന കൃഷ്ണനായി, ധർമ്മാർത്ഥപ്രാപ്തിയിലേക്കു നയിക്കാൻ, വ്യത്യസ്ത കർമ്മങ്ങളുപയോഗിച്ച് സത്യസേതു നിർമ്മിക്കുന്ന കൃഷ്ണനായി,

*യശ്ചിനോതി സതാം സേതും ഋതേനാമൃത യോഗിനാ*

*ധർമ്മാർത്ഥവ്യവഹാരാംഗൈസ്തസ്മൈ സത്യമനേ നമഃ*

മഹാഭാരതം ഒരു ശോകകാവ്യമല്ല എന്ന് നേരത്തേ നിർദ്ദേശിച്ചിരുന്നു. എന്നിട്ടും മഹാഭാരതം സജ്ജനങ്ങളുടെ ദുരിതങ്ങൾ വിവരിക്കുന്നു. ദുരിതമനുഭവിക്കാനുള്ള മനുഷ്യവിധിയിൽ, മഹാഭാരതം വിശ്വസിക്കുന്നു എന്ന് ഒറ്റ നോട്ടത്തിൽ തോന്നാം. നമുക്കിത് സൂക്ഷ്മമായി പരിശോധിക്കാം. മാനുഷികദൗർബല്യങ്ങളെ നാടകീയമാക്കാൻ മാത്രം, വിധി എന്ന ആശയം ഉപയോഗിക്കുകയാണിവിടെ. സ്വകർമ്മഫലമായുണ്ടാവുന്ന ദുരിതം അനുഭവിക്കാൻ തയാറല്ലാത്ത ഒരാൾ വിധിയെ ബലിയാടാക്കുന്നു. പ്രത്യേകിച്ചും ദുരിതം അസഹനീയമാവുമ്പോൾ വിധിയെ പഴി ചാരുന്നത് ആശ്വാസാവഹമാണ്. ഉദാഹരണമായി പുത്രഭാര്യ അനുഗ്രഹാശിസ്സുകൾക്കായി സമീപിക്കുമ്പോൾ, കുന്തി പറയുന്നു: മകളേ, ശോഭനഭാവിയുള്ളവരും ഭാഗ്യശാലികളുമായ മക്കളെ പ്രസവിക്കൂ, ധീരരും ജ്ഞാനികളുമായ മക്കളെയല്ല. എന്റെ മക്കൾ വീരന്മാർ, ജ്ഞാനികൾ. എന്നാലവർ ഭാഗ്യം കെട്ടവർ. അവർ വനാന്തരത്തിൽ നിസ്സഹായരായി അലയുന്നു. തന്റെ പൗത്രർ ഭീരുക്കളും മന്ദബുദ്ധികളുമാവണമെന്നല്ല കുന്തിയുടെ ഈ ആഗ്രഹം അർത്ഥമാക്കുന്നത്. ഇത്, തന്റെ മക്കളുടെ വിധിയിൽ, കുന്തിക്കുള്ള അസഹനീയമായ വ്യഥ മാത്രം സൂചിപ്പിക്കുന്നു. ശാന്തിയും സമാധാനവും എന്തെന്ന് അവർ ഒരിക്കലും അറിയില്ലേ? അവൾ ആശ്ചര്യപ്പെടുന്നു. സ്നേഹം നിമിത്തം, ഒരമ്മ എന്നും തന്റെ മക്കളുടെ ഭാവിയോർത്ത് ആകുലപ്പെടുന്നു. ഈ ആകുലത അവളെ ഇപ്രകാരം പറയാൻ പ്രേരിപ്പിക്കുനു: നിന്റെ മക്കൾ ഭാഗ്യശാലികളാവട്ടെ; അവരുടെ ധീരതയും ജ്ഞാനവും നിഷ്പ്രയോജനമാവാതിരിക്കാനാണ് ഞാൻ ഈ അനുഗ്രഹം ആദ്യമായി നൽകുന്നത്. മക്കളെക്കരുതിയുള്ള കുന്തിയുടെ ഈ ഹൃദയദൗർബല്യത്തിലൂടെ മഹാഭാരതം, സ്ത്രീസ്നേഹത്തിന്റെ വിശാലത ചൂണ്ടിക്കാണിക്കുന്നു. വിധിയെ ന്യയീകരിക്കുകയല്ല ഇതിന്റെ ശരിയായ അർത്ഥം.

മഹാഭാരതത്തിൽ വിധി അതിന്റെ വഴി തുടരുന്നുണ്ടെങ്കിൽ, അത്, സ്വകർമ്മങ്ങളുടെ കണക്കുകൂട്ടലുകൾ കൊണ്ട് മാത്രമാണ്. ആരെങ്കിലും ശപിക്കപ്പെടുന്നുണ്ടെങ്കിൽ, ആ ശാപം, ഒരു തെറ്റിന്റെയോ വിഡ്ഢിത്തത്തിന്റെയോ ഫലം മാത്രമാണ്. ശാപമുണ്ടെങ്കിൽ തീർച്ചയായും ശാപമോക്ഷത്തിനും വഴിയുണ്ട്. സുഷുപ്തമായ സ്വന്തം മനസ്സാക്ഷിയെ ഉണർത്തി ജാഗരൂകമാക്കുകയാണ് ആ വഴി. സജ്ജനങ്ങൾ ദുഃഖിക്കുകയും ദുർജ്ജനങ്ങൾ സുഖിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, അത് ക്രൂരനും അന്യായിയുമായ

ഒരു ദൈവം നിമിത്തമല്ല. വാസ്തവത്തിൽ സ്വന്തമായ വീക്ഷണങ്ങളും, ധാരണകളും നിമിത്തമാണ് ഒരാൾക്ക് അത്തരത്തിലുള്ള ചിന്തകൾ ഉണ്ടാകുന്നത്. സമ്പത്ത് സ്വയം അനുഭവിക്കുന്നതിലേ ഒരു നീതിമാൻ അസ്വസ്ഥനാവുന്നുള്ളു. അയാൾക്കാവശ്യം ശ്രേയസ്സാണ്, തെറ്റായ വഴിയിലൂടെയുള്ള അഭിവൃദ്ധിയല്ല. തെറ്റ് ചെയ്താലും, സ്വയം തിരുത്താനുള്ള കഴിവ് അയാൾക്കുണ്ട്. അതിനാൽ അയാളുടെ മാർഗ്ഗം, ഋജുവോ ലളിതമോ അല്ല. അന്യരിൽ നിന്ന് താൻ എന്തെങ്കിലും അന്യായമായി കൈയടക്കുന്നുണ്ടോ എന്നും അയാൾ വീണ്ടും വീണ്ടും ആത്മപരിശോധന ചെയ്യുന്നു. താനെന്തെങ്കിലും വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ എന്നും, വ്യക്തിപരമായ ഉയർച്ചയ്ക്കു വേണ്ടി താൻ അന്യായിയായ ആരെയെങ്കിലും വണങ്ങിയിട്ടുണ്ടോ എന്നും അയാൾ പുനരാലോചിക്കുന്നു. സമ്പൽസമൃദ്ധിയുടെ സുഖം അയാൾക്കു ഒരിക്കലും കിട്ടിയില്ലെന്നു വരാം. എന്നാൽ, മറ്റുള്ളവർക്ക് ദുരിതം വരുത്താതെ, ദുർജ്ജനങ്ങളെ സേവിക്കാതെ, നന്മയുടെ പാത വെടിയാതെ, അയാൾക്ക് അൽപമെന്തെങ്കിലും ലഭിക്കുന്നുണ്ടെങ്കിൽ, അത് തന്റെ ഭാഗ്യമായി അയാൾ കരുതും.

ഒരു നീതിമാന് ദുരിതം ഒഴിച്ചുകൂടാൻ ആവാത്തതാണ്. മഹാഭാരതത്തിൽ സുകൃതങ്ങൾക്ക് പ്രോത്സാഹനമില്ല എന്നോ ദുഷ്കൃതങ്ങൾക്ക് മാപ്പു കൊടുക്കുന്നുണ്ടെന്നോ ഇതിനർത്ഥമില്ല. ദുരിതത്തിന്റെ അനിവാര്യമായ അവസ്ഥയെ മഹാഭാരതം സാധൂകരിക്കുന്നുമില്ല. മഹാഭാരതത്തിൽ ദുർജ്ജനങ്ങൾ അവരുടെ കർമ്മഫലം അനുഭവിക്കുമ്പോൾ, സജ്ജനങ്ങൾ സുകൃതഫലമനുഭവിക്കുന്നു. അതോടൊപ്പം, മഹാഭാരതം അസൂയ, മദം. ക്രോധം, ദുര, അഹങ്കാരം, ദംഭം എന്നീ ആറു ദുർഗ്ഗുണങ്ങൾ അത്യധികം വേഗം പ്രചരിക്കുന്നവയും, അവയുടെ പരിണാമങ്ങൾ ക്ഷണികങ്ങളുമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. അവ ഒരാളെ പൊടുന്നനെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. അഗ്നി വൈക്കോലിനെയെന്ന പോലെ, അവ ഒരാളെ പെട്ടെന്നു തന്നെ ജ്വലിപ്പിക്കുന്നു. എന്നാൽ, സദ്ഗുണങ്ങളോ, ശാശ്വതം. അവ സാവധാനം വളരുന്നു. ശരിയായ വഴിയിൽ നിന്ന് വ്യതിചലിച്ചാൽ, നിങ്ങളെ അവ ക്ഷമയോടെ തിരിച്ചുകൊണ്ടുവരുന്നു. മഹാഭാരതമനുസരിച്ച്, മനുഷ്യൻ സദ്ഗുണങ്ങളോ ദുർഗ്ഗുണങ്ങളോ സ്വീകരിക്കാൻ സ്വതന്ത്രനാണ്. ശാശ്വതവും, അനുസ്യൂതവുമായ ശ്രേയസ്സു തേടാനോ, ക്ഷണികവും അപൂർണ്ണവുമായ ഉയർച്ച ആഗ്രഹിക്കാനോ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. സമ്പൂർണ്ണ ശ്രേയസ്സ് തേടുന്നവർ, ഒറ്റയ്ക്കുയരാൻ ആഗ്രഹിക്കുന്നില്ല. അവർ അന്യർക്കും ശ്രേയസ്സ് ആഗ്രഹിക്കുന്നു. വലിയ മത്സ്യങ്ങൾ ചെറിയവയെ വിഴുങ്ങുമെന്നത് മഹാഭാരതം അംഗീകരിക്കുന്നുണ്ടെങ്കിലും, ഇത് മനുഷ്യർക്ക് യോജിച്ചതാണെന്ന് മഹാഭാരതം കരുതുന്നില്ല. യോഗ്യർ ജീവിക്കുന്ന തത്വം മഹാഭാരതം സാധൂകരിക്കുന്നില്ല; ആ യോഗ്യത മറ്റുള്ളവരെ ബലി കഴിച്ച് നേടിയതാണെങ്കിൽ. യോഗ്യതാ പരീക്ഷണം ക്ഷമയാണെന്ന് മഹാഭാരതം കരുതുന്നു. ക്ഷമയില്ലെങ്കിൽ ബലം കൊണ്ടെന്തു ഗുണം? അധികാരം കൊണ്ടെന്തു ഗുണം?

യോഗ്യതയുടെ ഈ നിർവ്വചനം നിമിത്തം, മഹാഭാരതത്തിലെ നായകൻ, കർണ്ണനോ, ഭീമനോ അല്ല. അർജ്ജുനനും സദ്ഗുണത്തിന്റെ മകുടോദാഹരണമല്ല. ഇതേ കാരണം കൊണ്ട്, തങ്ങളുടെ നിലയിൽ അമൂല്യരാണെങ്കിലും ഹനുമാനോ, ലക്ഷ്മണ

നോ, ഭരതനോ രാമായണത്തിലെ ഇതിഹാസനായകനാവുന്നില്ല. ഈ രണ്ട് ഇതിഹാസങ്ങളിലെ കഥാപാത്രങ്ങളെല്ലാം പൗരുഷം തികഞ്ഞവരാണ്. അവർക്കെല്ലാം സ്ഥിര വ്യക്തിത്വവും മറ്റനേകം സദ്ഗുണങ്ങളുമുണ്ട്. എന്നാൽ, ഒരു നായകന്, സ്വകാര്യജീവിതത്തിലും, സാമൂഹ്യജീവിതത്തിലും ഒരൊറ്റ മാനദണ്ഡമേ പാടുള്ളൂ. തന്റേതിനും, തന്റേതല്ലാത്തതിനും അയാൾ തത്പരനാണ്. സ്വകാര്യങ്ങളിൽ കർക്കശനും, അന്യരിൽ ദയാലുവുമാണദ്ദേഹം. മറ്റുള്ള സദ്ഗുണ സമ്പന്നരായ കഥാപാത്രങ്ങളാരും തന്നെ, ഇത്തരം പ്രതീക്ഷകൾ നിറവേറ്റുന്നില്ല. ഇവയെല്ലാം ഒത്തിണങ്ങുന്നത് രാമനിൽ മാത്രം. ഒരു മഹാമേരുവിനെ ഉയർത്താൻ മാത്രം അദ്ദേഹം ശക്തനല്ലായിരിക്കാം. ഒരു ഐഷികാസ്ത്രത്തിൽ ഹനുമാനെ ലങ്കയിലയക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നിരിക്കാം. പന്ത്രണ്ടു സംവത്സരങ്ങൾ, തുടർ ച്ചയായി രാത്രി മുഴുവനും ഉണർന്നിരിക്കാൻ അദ്ദേഹത്തിൻ സാദ്ധ്യമായില്ലെന്നു വരാം. എല്ലാവരോടും ഭേദമെന്യേ പെരുമാറുന്നതിനാലും, എല്ലായ്പ്പോഴും സ്വന്തം താത്പര്യങ്ങൾക്ക് അതീതനായി വർത്തിക്കുന്നതിനാലും രാമനാണ് നായകൻ. യുധിഷ്ഠിരന് അർജ്ജുനന്റെ വീര്യമോ, ഭീമന്റെ കായബലമോ ഇല്ല. ദാനവീര്യതയിൽ അദ്ദേഹം കർണ്ണനോടും തുല്യനല്ല. അദ്ദേഹം ഭീഷ്മരോളം ത്യാഗിയുമല്ല. എന്നാലും നായകൻ യുധിഷ്ഠിരൻ തന്നെ. എന്തെന്നാൽ, യുധിഷ്ഠിരൻ സർവലോകക്ഷേമതൽപരനാണ്. മറ്റുള്ളവരുടെ വിചാരങ്ങളെ മാനിക്കാനും, അവരുടെ കുറവുകളെ മനസ്സിലാക്കാനും അദ്ദേഹത്തിന് കഴിവുണ്ട്. സ്വന്തം പോരായ്മകളെപ്പറ്റി അദ്ദേഹം പൂർണ്ണമായും ബോധവാനാണ്. ദുരിതമെന്താണെന്ന് അദ്ദേഹത്തിനറിയാം. തന്റെ അവകാശം ആവശ്യപ്പെടാതിരിക്കുന്നത് ഭീരുത്വമാണെന്നും അദ്ദേഹത്തിനറിയാം. അന്യരുടെ മുതലിനോടുള്ള ആർത്തി, മാനുഷിക സത്യത്തോടുള്ള വഞ്ചനയാണ്.

അങ്ങനെ മഹാഭാരതം വെറുമൊരു മഹാകാവ്യമല്ല. അത് ഒരു യുദ്ധവർണ്ണനയുമല്ല. വാസ്തവത്തിൽ അത് മനുഷ്യന്റെ മഹാദുഷ്കരമായ ജീവിതതീർത്ഥയാത്രയുടെ ഇതിഹാസമാണ്. ഈ ദുരിതപൂർണ്ണമായ യാത്രയിൽ, ചില സമയങ്ങളിൽ, കണ്ണിൽ തിമിരം പൊഴിക്കുന്ന അന്ധകാരമുണ്ട്. എന്നാലൊരു ചെറിയ ദീപം, അക്ഷീണം, നിർഭയം, ഈ അന്ധകാരത്തോട് മല്ലിടുന്നു. ഈ ദീപത്തിന്റെ ആരൂഢം സത്യം, ലാളിത്യമാണതിന്റെ എണ്ണ, ദയയാണതിന്റെ തിരി, ക്ഷമയാണതിന്റെ വെളിച്ചം. അത്യന്തം സൂക്ഷ്മതയോടെ, ഈ ദീപം കൊളുത്തപ്പെടുന്നു. എന്തെന്നാൽ, കർമ്മത്തിൽ എല്ലായ്പ്പോഴും ഇത്രയും ലാളിത്യം മനുഷ്യന്നാവശ്യമില്ല. ഈ ദീപത്തിന്നാവശ്യമായ സത്യത്തിന്റെ ഉറച്ച അടിത്തറ എപ്പോഴും ഉണ്ടായെന്നു വരില്ല. അത്രയും കാരുണ്യം പൊഴിക്കാൻ എപ്പോഴും സാധിച്ചെന്നു വരില്ല; അത് കത്തിത്തീരും വരെ, ക്ഷമിക്കാൻ കഴിഞ്ഞെന്നു വരില്ല. എന്നാലും ആ അന്ധകാരത്തെ എതിർക്കണം. ഈ ദീപം എന്നെന്നും തെളിച്ചുകൊണ്ടിരിക്കുന്നതാണ് ആ വെല്ലുവിളി.

ഈ അന്ധകാരത്തിൽ നമുക്ക് വഴി തെറ്റിയാലും നാം സ്വയം അന്ധകാരമായി മാറരുത്. നമ്മെ വീണ്ടും വീണ്ടും കീഴടക്കാൻ പതിയിരിക്കുന്ന അന്ധകാരമാണ്, മഹാഭാരതത്തിന്റെ വീക്ഷണത്തിൽ, എതിരിടേണ്ട വെല്ലുവിളി. ആ അന്ധകാരത്തിനപ്പുറമെത്തി, അതിനെ കീഴടക്കാൻ മഹാഭാരതം ഉദ്യമിക്കുന്നു. അതിനെ അവഗണിക്കാതെ, അതിനോട് വിട്ടുവീഴ്ച ചെയാതെ, അതിനെ എതിർത്ത് കീഴടക്കാൻ മഹാഭാരതം ശ്രമി

ക്കുന്നു.

മഹാഭാരതം രണ്ടു വൃക്ഷങ്ങളെപ്പറ്റി പരാമർശിക്കുന്നു എന്ന് നേരത്തെ പ്രസ്താവിച്ചു - മന്യുവൃക്ഷവും (അഗാധമായ ക്രോധം) ധർമ്മവൃക്ഷവും. എന്നാൽ അവ വ്യത സ്ത്യവൃക്ഷങ്ങളല്ല. അവ രണ്ടും ഒന്നായി, പതിനെട്ടു ശാഖകളുള്ള പ്രത്യാശയുടെ ഒരു മഹാവൃക്ഷമായി മാറുന്നു. ഓരോ ശാഖയും (പർവ്വം) രസത്താൽ പോഷിക്കപ്പെടുന്നു. ഈ രസത്തിന്റെ മധുരമായ കൊടുമുടി, അവസാനത്തെ അഞ്ചു പർവ്വങ്ങളാണ്. ഈ രൂപകം ഏതാണ്ടിപ്രകാരമാണ്.

മഹാഭാരതബീജം സംഗ്രഹ പർവ്വമാണ്. വേരുകൾ പൗലോമ പർവ്വവും ആസ്തികപർവ്വവും. വൃക്ഷത്തിന്റെ തടി, സംഭവപർവ്വം. (ഇവയൊക്കെ, ആദിപർവ്വത്തിന്റെ ഭാഗങ്ങളാണ്). വൃക്ഷത്തിന്റെ വീതിയും ഉയരവും സഭാപർവ്വം. വൃക്ഷത്തടിയുടെ ഉള്ളിൽ, പക്ഷികളും സർപ്പങ്ങളും താമസിക്കുന്നു. തടിയിലെ കുരുക്കാണ് ആരണ്യപർവ്വം (വനപർവ്വം). പൂർണ്ണവളർച്ചയെത്തിയ തടിയുടെ ഭാഗങ്ങളാണ് വിരാടപർവ്വവും ഉദ്യോഗപർവ്വവും. ശാഖകൾ പന്തലിച്ച് ഭീഷ്മപർവ്വമായി നിൽക്കുന്നു. ഇവയിൽ അസാധാരണമായ ഒരു ശാഖയാണ് ഭഗവദ് ഗീത - അത് നേരെ മേൽപ്പോട്ട് വളരുന്നു. കിരീടം ദ്രോണപർവ്വം. പൂക്കൾ കർണ്ണപർവ്വം. സുഗന്ധം ശല്യപർവ്വം. ഫലങ്ങൾ ഐഷികപർവ്വവും സ്ത്രീപർവ്വവും. ഫലത്തിന്റെ സത്തയാണ് അശ്വമേധപർവ്വം. വിശ്രമസ്ഥലം ആശ്രമവാസികപർവ്വം. ഈ ഇന്ത്യൻ വൃക്ഷം, ഒരു മഴമേഘം പോലെ, മനുഷ്യരാശിക്ക്, നിരന്തരം ശാശ്വതസംതൃപ്തി നൽകും.

മഹാഭാരതവൃക്ഷം, മറ്റൊരു വൃക്ഷത്തിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നു: തല കീഴായി നിൽക്കുന്ന അശ്വത്ഥവൃക്ഷം.

*ഊർധ്വമൂലമധഃ ശാഖം അശ്വത്ഥം പ്രാഹുരവ്യയം*

മൂലം മേലായ് ശാഖ കീഴായ് ചൊൽവിതശ്വത്ഥമവ്യയം

ഈ വൃക്ഷം സൃഷ്ടിവൃക്ഷമാണ്. ഊർധ്വവൃക്ഷമെന്ന പേരിൽ, അതിന്റെ നാരായവേരായ നാരായണൻ ആകാശം ലക്ഷ്യമാക്കി മുകളിലേക്കു വളരുന്നു. അതിന്റെ ശാഖകൾ ഭൂമിയിൽ പടരുന്നു. ജ്ഞാനത്തിന്റെ ആദി സ്രോതസ്സായ വേദങ്ങളാണ് അതിന്റെ ശാഖകൾ. വേദം മനസ്സിലാക്കിയ ജ്ഞാനികളാണ് ഈ വൃക്ഷത്തിന്റെ ഇലകൾ - വെദവിത്തുക്കൾ. ഈ വൃക്ഷം അനശ്വരം - അത് വീണ്ടും വീണ്ടും മുറിച്ചു വീഴ്ത്തപ്പെടുന്നു - എന്നാലത് വീണ്ടും വളരുന്നു - സത്വരജസ്തമോ ഗുണങ്ങളായി എല്ലാ ദിക്കുകളിലും പടർന്നു പന്തലിച്ചു കൊണ്ടും, ദിനം തോറും വിഷയസുഖങ്ങൾ, ഇലകളായി വളർന്നും. ദൂരവ്യാപികളായ അതിന്റെ വേരുകളെല്ലാം ദൈനംദിന കർമ്മങ്ങളിൽ ബന്ധപ്പെട്ടു കിടക്കുന്നു.

ഈ വൃക്ഷത്തെ വീണ്ടും വീണ്ടും മുറിച്ചു വീഴ്ത്തുന്നതിനെപ്പറ്റി, ഗീതയും പറയുന്നു. ഈ വൃക്ഷത്തെ വെട്ടി വീഴ്ത്തി പരമപദത്തിലെത്താൻ, നിങ്ങൾക്ക് അസംഗത്തിന്റെ മൂർച്ചയേറിയ വാൾത്തല ആവശ്യമാണ്. ഇവിടെ ഒരു വിരോധാഭാസമുണ്ടെന്നു തോന്നുന്നു. - ഈ അനശ്വര വൃക്ഷത്തെ എങ്ങിനെ വെട്ടി വീഴ്ത്തണം? എന്തിനാ

ണിതിനെ വീഴ്ത്തുന്നത്? മുറിച്ചു വീഴ്ത്തൽ എന്താണെന്ന് ആദ്യം മനസ്സിലാക്കണം. അതിന് പടിപടിയായി മുന്നോട്ടു പോകണം.

സ്ത്രീ പർവ്വത്തിൽ (അഞ്ചാമദ്ധ്യായം) വിദുരൻ പറയുന്നു: ഈ ലോകം, ഭീതി ജനിപ്പിക്കുന്ന, ദുഷ്ടമൃഗങ്ങൾ നിറഞ്ഞ, എല്ലാ വഴികളുടേയും ലാഞ്ചനകൾ പോലും തുടച്ചു മാറ്റുന്ന അന്ധകാരാവൃതമായ ഒരു ഘോരവനമാകുന്നു. വനത്തിനു ചുറ്റും, ഒരു വല. വലയുടെ അറ്റങ്ങൾ പിടിച്ചു കൊണ്ട് ഒരു സ്ത്രീ. എമ്പാടുമുള്ള വൃക്ഷങ്ങളിൽ നിന്നും തൂങ്ങി നിൽക്കുന്ന ഭീമ സർപ്പങ്ങൾ. വനമദ്ധ്യത്തിൽ കൊഴിഞ്ഞുണങ്ങിയ ഇലകൾ കൊണ്ടും വൃക്ഷശാഖകൾ കൊണ്ടും മൂടിയ ഒരു കിണർ. വനത്തിൽ അലഞ്ഞു വഴി തെറ്റിയ ഒരു പഥികൻ, കിണറ്റിൽ വീഴുന്നു. കിണറ്റിൽ തൂങ്ങി നിൽക്കുന്ന വള്ളികൾ അയാളുടെ വീഴ്ച തടഞ്ഞു നിർത്തുന്നു. കാലുകൾ മുകളിലും തല കീഴിലുമായി അയാൾ കിണറിൽ തൂങ്ങി നിൽക്കുന്നു. ആറു മുഖങ്ങളും, പന്ത്രണ്ടു പാദങ്ങളുമുള്ള ഒരു ഭീമഗജം കിണറിന്റെ മുഖത്തിൽ അയാളെ കാത്തു നിൽക്കുന്നു. ആന പകുതി വെളുപ്പും പകുതി കറുപ്പും. കിണറിന്നുള്ളിൽ, വള്ളികൾക്കുള്ളിൽ ഒരു മഹാസർപ്പം. ഒരു തേൻ കൂട്. തേൻ കൂട്ടിൽ നിന്നും മാധുര്യമേറിയ തേൻ ഇറ്റിറ്റായി വീഴുന്നു. പഥികനോ, ആരുമില്ലാതെ ഭയചകിതൻ. തൽസമയം അയാളെ താങ്ങി നിൽക്കുന്ന വള്ളികളേയും വൃക്ഷശാഖകളേയും കാർന്നു തിന്നുന്ന കറുത്തതും വെളുത്തതും ആയ എലികളെ അയാൾ കാണുന്നു. അയാൾക്കു ചുറ്റും മൂളിപ്പറക്കുന്ന തേനീച്ചകൾ. എന്നാൽ, വായിൽ ഉറ്റി വീഴുന്ന തേൻ തുള്ളികൾ വീണ്ടും വീണ്ടും അയാളെ കൊതിപ്പിക്കുന്നു. അയാൾക്ക് തേൻ വേണം. നാലു ഭാഗത്തു നിന്നും തനിക്കായി കാത്തു നിൽക്കുന്ന മരണത്തെ അവഗണിച്ച് അയാൾ വീണ്ടും വീണ്ടും തേൻ തുള്ളികളെ കൊതിച്ചു നിൽക്കുന്നു.

വിദുരൻ ഈ ഉപദേശകഥ വിശദീകരിക്കുന്നു (സ്ത്രീ പർവ്വം, ആറാം അദ്ധ്യായം): വൃക്ഷങ്ങളിൽ തൂങ്ങി നിൽക്കുന്ന സർപ്പങ്ങൾ, മനുഷ്യന്റെ വിഡ്ഢിത്തങ്ങൾ. വൃദ്ധത്വം സ്ത്രീ. കിണർ, മനുഷ്യശരീരം. കിണറിലെ ചീറ്റുന്ന സർപ്പം മരണം. പഥികനെ താങ്ങി നിൽക്കുന്ന വള്ളികൾ, ജീവിതാശ. കിണറിന്റെ മുഖത്ത് കാത്തു നിൽക്കുന്ന ആന, കാലം. അതിന്റെ മുഖങ്ങൾ, ആറ് ഋതുക്കൾ. അതിന്റെ പാദങ്ങൾ, പന്ത്രണ്ടു മാസങ്ങൾ. വെളുത്തതും കറുത്തതുമായ എലികൾ ദിനരാത്രങ്ങൾ. കാമങ്ങളാണ് തേനീച്ചകൾ. തേൻ വിഷയാനുഭവങ്ങളും. ഈ ഇരുണ്ട ആഴങ്ങളിൽ നിന്നും, ഈ ഭയാനകമായ കിണറിൽ നിന്നും ആർക്കും നിങ്ങളെ രക്ഷിക്കാനാവില്ല. നിങ്ങൾ സ്വയം രക്ഷ നേടണം.

ഇവിടെ ഈ വൃക്ഷത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. വൃക്ഷം തണലേകുന്നു, വിശ്രമിക്കാൻ അനുവദിക്കുന്നു, ഫലവും അമൃതും തരുന്നു. എന്നാൽ, ഈ വൃക്ഷം വിഷയവൃക്ഷമായി, സംഗവൃക്ഷമായി മാറുകയാണെങ്കിൽ, അത് വേദനയേകുന്നു. അത് ഭയക്കേണ്ടതായി മാറുന്നു. എന്നാൽ, വൃക്ഷമോ, കിണറോ, തേനൂറുന്ന വല്ലികളോ ഇല്ലെങ്കിൽ, നിർഭയനാവാനുള്ള പ്രേരണ നിങ്ങൾക്ക് എവിടെ നിന്ന് കിട്ടും? ഈ സൃഷ്ടിയുടെ സൗന്ദര്യം ഒരാൾക്കു മാത്രം അനുഭവിക്കാനുള്ളതല്ല. ആദരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ട ഒരു ആമന്ത്രണമാണത്. എന്നാൽ, സ്വീകാര്യതയെ കീഴടങ്ങലാക്കി മാറ്ററുത്.

തന്റെ യാതൊരു ഭാഗത്തോടും ബന്ധപ്പെടാതിരിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്ന, എന്നാൽ, നിങ്ങളോട് തന്നെ സ്വീകരിക്കാൻ ക്ഷണിക്കുന്ന, വ്യത്യസ്തമായ ഒരു സൃഷ്ടിവൃക്ഷമാണ് മഹാഭാരതം. വൃക്ഷത്തെ കാണുക, അതിനെ മനസ്സിലാക്കുക, അതിന്റെ ഫലം ആസ്വദിക്കുക, അതിന്റെ തണലിൽ വിശ്രമിക്കുക, പിന്നീട് എഴുന്നേറ്റ് യാത്ര പറയുക. ജ്ഞാനം ഒരാളുടെ മനസ്സിനുള്ളിലെ ഭാരമാവരുത്. ജ്ഞാനം പുരോഗതിയുടെ സ്ത്രോതസ്സാവണം. ജ്ഞാനത്തിൽ പുരോഗമനമില്ല. പുരോഗമനം നിങ്ങളിലാണ്. ജ്ഞാനം, കർമ്മങ്ങളെ രൂപപ്പെടുത്താൻ, നിങ്ങളെ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട കർമ്മങ്ങൾ നിറവേറ്റേണ്ടത് നിങ്ങളാണ്.

വിവർത്തനം - എ. പുരുഷോത്തമൻ, മുംബയ്, ഡിസംബർ 26, 2002 .

Original article in English, Copyright, 1987, Vidya Niwas Misra, all rights reserved. Published in *The Mahabaharata Revisited*, Papers presented at the International Seminar on the Mahabharata organized by the Sahitya Akademi at New Delhi, February 17-20, 1987, edited by R.N. Dandekar (1990).

Malayalam translation, Copyright, 2003, A. Purushothaman, all rights reserved.